# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 7

# വാർത്താക്കുറിപ്പ്

---

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ ഓഗസ്റ്റ് ഏഴിന് നടത്താനിരുന്നതും ഓഗസ്റ്റ് ഒൻപതിലേക്ക് മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷ ഓഗസ്റ്റ് 16ലേക്കും ഓഗസ്റ്റ് ഒൻപതിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ് - 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി - ലോക്കൽ സെൽഫ് ഗവേണൻസ് ആന്റ് പഞ്ചായത്ത് അഡ്മിനിസ്ട്രേഷൻ) പരീക്ഷ ഓഗസ്റ്റ് 19നും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ./39/1485/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഏഴാം സെമസ്റ്റർ ഡ്യുവൽ ഡിഗ്രി മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.ഡി.എം.സി.എ. - 2015 അഡ്മിഷൻ റഗുലർ, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1486/2019)

2018 ഓഗസ്റ്റിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1487/2019)

## ഡി.എ.എസ്.പി. ഹ്രസ്വകാല കോഴ്സുകൾക്ക് ഓഗസ്റ്റ് 12 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി.) നടത്തുന്ന ഹ്രസ്വകാല കോഴ്സുകൾക്ക് ഓഗസ്റ്റ് 12 വരെ അപേക്ഷിക്കാം. വിശദവിവരം dasp.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731066.

(പി.ആർ.ഒ./39/1488/2019)

## എം.ജി.യിൽ ത്രിദിന രാജ്യാന്തര കോൺഫറൻസ് ഓഗസ്റ്റ് 12 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, ന്യൂയോർക്കിലെ അഡൽഫി യൂണിവേഴ്സിറ്റി, ഓട്ടിസം കെയർ സൊസൈറ്റി, നേപ്പാളിലെ കാഠ്മണ്ഡു യൂണിവേഴ്സിറ്റി, ഡിസെബിലിറ്റി റിസർച്ച് സെന്റർ എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന ത്രിദിന സി.ആർ.ഇ. അക്രഡിറ്റഡ് രാജ്യാന്തര കോൺഫറൻസ് ഓഗസ്റ്റ് 12 മുതൽ 14 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും.

'റിസർച്ച് ബേസ്ഡ് പ്രാക്ടീസസ് ഫോർ മാനേജിംഗ് ചിൽഡ്രൻ വിത്ത് ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സ്' എന്ന വിഷയത്തിലാണ് കോൺഫറൻസ്. 3000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

ഗവേഷകർ, സ്പെഷൽ എജ്യൂക്കേറ്റേഴ്സ്, റീഹാബിലിറ്റേഷൻ മേഖലയിൽ പ്രവർത്തിക്കുന്നവർ, അധ്യാപകർ എന്നിവർക്ക് പങ്കെടുക്കാം. ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുവാൻ താല്പര്യമുള്ളവർ ഡയറക്ടർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം എന്ന വിലാസത്തിൽ ബന്ധപ്പെടണം. വിശദവിവരത്തിന് ഫോൺ: 0481-2731580. ഇമെയിൽ: iucdsmgu@gmail.com.

(പി.ആർ.ഒ./39/1489/2019)

## എം.ജി.യിൽ രാജ്യാന്തര ചലച്ചിത്രമേള

## ഓഗസ്റ്റ് 19 മുതൽ 23 വരെ

**- ലോഗോയും ബ്രോഷറും പ്രകാശനം ചെയ്തു**

മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ നടക്കുന്ന 24-ാമത് രാജ്യാന്തര ചലച്ചിത്ര മേള ഓഗസ്റ്റ് 19 മുതൽ 23 വരെ സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും. ചലച്ചിത്ര മേളയുടെ ലോഗോ പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ബ്രോഷർ പ്രകാശനം ചെയ്തു.

ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർപേഴ്സൺ എൻ.കെ. നയന, ജനറൽ സെക്രട്ടറി പ്രശാന്ത്, വസന്ത്, യൂണിയൻ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. അഞ്ച് ദിവസങ്ങളിലായി നടക്കുന്ന ചലച്ചിത്രോത്സവത്തിൽ 13 ഭാഷകളിലായി ലിംഗം, വർഗം, പെണ്മ എന്നീ വിഷയങ്ങൾ പ്രതിപാദിക്കുന്ന 20 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഓഗസ്റ്റ് 19ന് ഉച്ചകഴിഞ്ഞ് രണ്ടിന് ഉദ്ഘാടനം നടക്കും. ഓപ്പൺ ഫോറവും പ്രഭാഷണവും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്.

ബൊഹീമിയൻ റാപ്സോഡി (ബ്രിട്ടൺ), ബേണിംഗ് (ദക്ഷിണകൊറിയ), ലൗവിംഗ് വിൻസന്റ്, വുമൺ അറ്റ് വാർ, ബേഡ്സ് ഓഫ് പാസേജ്, കാപർനോം, ബോർഡർ, ഹാപ്പി ആസ് ലെസാരോ, റോമ, ഗേൾ, ഷോപ് ലിഫ്റ്റേഴ്സ്, എമ്പ്രാസ് ഓഫ് ദി സർപെന്റ് (ബ്രിട്ടൺ), ലിപ്സ്റ്റിക് അണ്ടർ മൈ ബുർഖ, മൻതോ, ഒറ്റമുറി വെളിച്ചം, ടു ലെറ്റ്, കുമ്പളങ്ങി നൈറ്റ്സ് (ഇന്ത്യ), ഡിജാം (ഫ്രാൻസ്), ഐ ഡ്രീം ഇൻ അനദർ ലാംഗ്വേജ് (മെക്സിക്കോ), എ ട്വൽവ് ഇയർ നൈറ്റ് (ഉറുഗ്വായ്) എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ സംഘടിപ്പിക്കുന്ന രാജ്യാന്തര ചലച്ചിത്രമേളയുടെ ലോഗോ പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ചെയർപേഴ്സൺ എൻ.കെ. നയന, ജനറൽ സെക്രട്ടറി പ്രശാന്ത്, യൂണിയൻ അംഗങ്ങൾ എന്നിവർ സമീപം**

(പി.ആർ.ഒ./39/1490/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ